
# ദർശൻ

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-2026



**DUHSS THOOTHA**



# ദാറുൽ ഉലൂം ഹയർസെക്കൻഡറി സ്കൂൾ

## ഊത്ത, മലപ്പുറം ജില്ല

ഫോൺ: 04933 205 970

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

# ഉള്ളടക്കം


- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയത്തിലെ ലഘുചരിത്രം
- അടിസ്ഥാനവിവരങ്ങൾ
- അക്കാദമിക, ഭൗതിക, സാമൂഹിക സാഹചര്യങ്ങൾ
- അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
- പദ്ധതി വിശദാംശങ്ങൾ
- പ്രതീക്ഷിത നേട്ടങ്ങൾ
- മോണിറ്ററിങ്
- ഉപസംഹാരം

# ആമുഖം

കണ്ണാടി പോലെ തെളിഞ്ഞ തൂതപ്പുഴ.....

കല്ലുകൾ, പാറകൾ, ചെറിയ തുരുത്തുകൾ, ഇടക്കിടെ ചെറു കയങ്ങൾ...

പുറമെ ശാന്തമെങ്കിലും ഇടക്ക് രൗദ്രയാകുന്ന ഈ പുഴ നാട്ടുകാർക്ക് ഹർഷവും ദുഃഖവും സമ്മാനിച്ചിട്ടുണ്ട്.

സൈലന്റ് വാലിയിൽ നിന്ന് ഉൽഭവിച്ച് പാലക്കാട് മലപ്പുറം ജില്ലകളി ലൂടെ കേരളീയരുടെ മഹാനദിയായ നിളയിൽ ചേരുന്നു.

ഈ നഗരിയുടെ കരയാണ് തൂത ഗ്രാമം പാലക്കാട് മലപ്പുറം വേർതിരിച്ച് ഒഴുകുന്ന ഈ പുഴയുടെ കരയിലാണ് ഈ വിദ്യാലയം

മലപ്പുറം വിദ്യാഭ്യാസ ജില്ലയിലെ പെരിന്തൽമണ്ണ ഉപജില്ലയിലെ ആലിപ്പറമ്പ് പഞ്ചായത്തിലെ തൂത. മണലായ, എടായ്ക്കൽ, ഒടമല, പാറൽ തുടങ്ങി തികച്ചും ഗ്രാമീണ പ്രദേശങ്ങളും, പാലക്കാട് ജില്ലയില വീട്ടിക്കാട്, തൂത, കാറൽമണ്ണ പ്രദേശങ്ങളും താഴെക്കോട് പഞ്ചായത്തിലെ ഏതാനും ഭാഗങ്ങളും ഈ സ്കൂളിന്റെ ഫീഡിങ് പ്രദേശങ്ങളാണ്.

കാർഷിക സംസ്കൃതിയുടെ വിളഭൂമിയാണ് ഈ പ്രദേശം. ഗൾഫ് പണത്തിന്റെ സ്വാധീനം സാംസ്കാരികമായി ഏറെ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്നു.

കൃഷിക്കാരും കർഷക തൊഴിലാളികളും കൈവേലക്കാരും ചെറുകിട കച്ചവടക്കാരുമാണ് ഈ പ്രദേശത്തെ ജനങ്ങളിൽ ഭൂരിപക്ഷവും.

വിദ്യാഭ്യാസ രംഗത്തുണ്ടായ പുരോഗതി പതുക്കെയാണെങ്കിലും ഗ്രാമീണ മനസ്സിനെ സ്വാധീനിച്ച് കൊണ്ടിരിക്കുന്നു.

വിദ്യാർത്ഥികളിൽ ചെറിയൊരു പങ്ക് സ്കൂൾ സമയത്തിന് ശേഷം തൊഴിൽ എടുക്കുന്നവരാണ്. മണൽ വാരൽ, വാഹന ക്ലീനർ, വാർപ്പ്, പെയിൻറിംഗ് എന്നിവക്ക് പോകുന്ന വിദ്യാർത്ഥികൾ കുറവല്ല. ഇത് ഈ പ്രദേശങ്ങളിലെ പൊതു സാമ്പത്തിക സ്ഥിതിയെ തുറന്ന് കാട്ടുന്നു. വിദ്യാലയത്തെ ആത്മാർത്ഥമായി സ്നേഹിക്കുന്നവരാണെങ്കിലും വിദ്യാലയവുമായി അടുത്തബന്ധം പുലർത്തുന്നതിൽ വിമുഖരാണ് രക്ഷിതാക്കളിൽ ഒരു പങ്ക്.

# ലക്ഷ്യങ്ങൾ....

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക.

2. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘ കാല പരിപ്രേക്ഷ്യത്തോടെ പാശ്ചാത്തല സൗകര്യം വർദ്ധിപ്പി ക്കുക.

3. അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യ പദ്ധതിക്ക് അനുസൃതമയി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയ ബന്ധി തമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

4. അധ്യാപനവും അധ്യായനവും സർഗ്ഗാത്മകവും രസകരവു മാക്കുന്നതിന് ഉപകരിക്കുന്ന വിവിധത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

# ലഘുചരിത്രം

വിദ്യാഭ്യാസ രംഗത്ത് ഏറെ പിന്നിലായിരുന്ന ഒരു പ്രദേശത്ത് ഒരു സ്കൂൾ സ്ഥാപിക്കുക എന്നത് ഈ നാട്ടിലെ സുമനസ്സുകളുടെ സ്വപ്നമായിരുന്നു. അതിന്റെ സാഫല്യം ആയിരുന്നു 1976 ആരംഭിച്ച ദാറുൽ ഉലൂം യുപി സ്കൂൾ തുടക്കത്തിൽ അഞ്ച് അധ്യാപകരും 60 വിദ്യാർത്ഥികളുമാണ് ഉണ്ടായിരുന്നത് .ഈ സ്കൂൾ സ്ഥാപിച്ചത് അസാസുൽ ഇസ്‌ലാം സംഘം വകയാണ് .ആദ്യത്തെ മാനേജർ മർഹൂം കെ എം മുഹമ്മദ് മുസ്‌ലിയാരാണ് .ബഹു പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ,പെരിന്തൽമണ്ണ കെ കെ എസ് തങ്ങൾ പെരിന്തൽമണ്ണ, പി വി എസ് മുസ്തഫ പൂക്കോയ തങ്ങൾ എന്നിവർ ഈ സ്കൂളിന് നൽകിയ നേതൃത്വവും സംഭാവനകളും അമൂല്യമാണ്.

നിലവിൽ സ്കൂളിന്റെ മാനേജ്മെൻറ് കമ്മറ്റിയിൽ സയ്യിദ് ബഷീറലി ശിഹാബ് തങ്ങൾ വൈസ് പ്രസിഡണ്ട് ആയും മുൻ വിദ്യാഭ്യാസ മന്ത്രി നാലകത്ത് സൂപ്പി സെക്രട്ടറിയായും പ്രവർത്തിച്ചുവരുന്നു. 1982 ഈ സ്ഥാപനം ഹൈസ്കൂളായി ഉയർത്തപ്പെട്ടു 1985 ആദ്യ എസ് എസ് എൽ സി ബാച്ച് പുറത്തി...
1998 ഹയർസെക്കൻഡറി സ്കൂളായി ഉയർത്തപ്പെട്ടു.

നിലവിൽ യു പി വിഭാഗത്തിൽ 850 വിഭാഗത്തിൽ 1500 വിദ്യാർത്ഥികളും ഹൈസ്കൂൾ വിദ്യാർത്ഥികളും ഹയർസെക്കൻഡറി വിഭാഗത്തിൽ 600 കുട്ടികളും പഠിച്ചു കൊണ്ടിരിക്കുന്നു.

1976 മുതൽ സി കെ സൈതലവി 1990 മുതൽ രാമയ്യർ 1995 മുതൽ വികെ വത്സല പിന്നീട് സോമൻപിള്ള, വി എം മുഹമ്മദ്,ഗീത പി. ഗീത എൻ ബേബി പ്രസന്ന എന്നിവരും പ്രധാന അധ്യാപകരായി പ്രവർത്തിച്ചു നിലവിൽ യൂസഫ് എം പി ഹെഡ്മാസ്റ്ററായും കെ കെ റഹ്മത്തുള്ള പ്രിൻസിപ്പലായും പ്രവർത്തിച്ചു വരുന്നു

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 1. വിദ്യാലയത്തിന്റെ പേര് : | ഡി.യു.എച്ച് എസ്. എസ് തൂത |
| വിലാസം : | തൂത പി. ഒ. മലപ്പുറം 679357 |
| ഫോൺ : | 04933 205970 |
| 2. വിദ്യാഭ്യാസ ഉപജില്ല : | പെരിന്തൽമണ്ണ |
| 3. വിദ്യാഭ്യാസ ജില്ല : | മലപ്പുറം |
| 4. റവന്യൂ ജില്ല : | മലപ്പുറം |
| 5. ബി. ആർ. സി : | പെരിന്തൽമണ്ണ |
| 6. ഗ്രാമപഞ്ചായത്ത് : | ആലിപ്പറമ്പ് |
| 7. ബ്ലോക്ക് പഞ്ചായത്ത് : | ആലിപ്പറമ്പ് ഡിവിഷൻ |
| 8. ജില്ലാ പഞ്ചായത്ത് : | ഏലംകുളം ഡിവിഷൻ |
| 9.നിയമസഭ മണ്ഡലം : | പെരിന്തൽമണ്ണ |
| 10. ലോകസഭാ മണ്ഡലം : | മലപ്പുറം |
| 11. താലൂക്ക് : | പെരിന്തൽമണ്ണ |
| 12. വില്ലേജ് : | ആലിപ്പറമ്പ് |
| 13.ഇ.മെയിൽ : | hmduhssthootha@gmail.com |

## അക്കാദമികം–നേട്ടങ്ങൾ

പെരിന്തൽമണ്ണ സബ് ജില്ലയിൽ കൂടുതൽ കുട്ടികളെ SSLC പരീക്ഷക്കിരുത്തി മികച്ച വിജയവും കൂടുതൽ ഫുൾ എ പ്ലസും നേടുന്ന വിദ്യാലയമായി മാറാൻ കഴിഞ്ഞു. 2023 ൽ 100% വിജയം നേടി. 2024 ൽ Say പരീക്ഷയോടെ 100% നേടി. 2025 ലും 100% വിജയം നിലനിർത്തി.

NMMS,USS പോലുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് കൂടുതൽ കുട്ടികളെ പങ്കെടുപ്പിച്ച് സ്കോളർഷിപ്പ് ലഭിക്കുകയും ചെയ്യുന്നു. സംസ്കൃതം സ്കോളർഷിപ്പ്, ഉറുദു സ്കോളർഷിപ്പ് എന്നിവയും കുട്ടികൾക്ക് ലഭിക്കാറുണ്ട്.കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നത് വിജയത്തിളക്കത്തിലേക്ക് നയിക്കുന്നു. പ്രവർത്തനങ്ങളിലൂടെ പഠിക്കാനുതകുന്ന രീതിയിൽ ആസൂത്രണം നടത്തുന്നു. NCC, സ്കൗട്ട്, ഗൈഡ്, ജെ.ആർ. സി, ഹരിത സേന,ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളിലൂടെ പഠനത്തോടൊപ്പം സേവന മനോഭാവം വർദ്ധിപ്പിക്കാൻ കഴി യുന്നു.

## അക്കാദമികം–പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി ഏറ്റവും കൂടുതൽ കുട്ടികൾ മികച്ച വിജയം നേടുന്നു. എങ്കിലും യു പി വിഭാഗം ക്ലാസ്മുറികളും ഹൈടെക് നിലവാര ത്തിലേക്കുയർന്നിട്ടുണ്ട്. ഭൗതികനിലവാരം ഇനിയും ഉയരേണ്ടതുണ്ട്. ഗണിതലാബ്, സാമൂഹ്യശാസ്ത്രംലാബ് എന്നിവ ഹൈസ്കൂളിന് പ്രത്യേകമായില്ല. അതുപോലെ ഫിസിക്സ് ശാസ്ത്രലാബ് ഉണ്ടെങ്കിലും ഫിസിക്സിനും, കെമിസ്ട്രിക്കും ബയോളജിക്കും പ്രത്യേകമായി ഇല്ല എന്നുള്ളതും പരിമിതിയാണ്. പ്രവർത്തിച്ച് പഠിക്കുക, അന്വേഷണാത്മകമായും നിരീക്ഷിച്ചും പഠിക്കുക തുടങ്ങിയവ പൂർണമായ അർത്ഥത്തിൽ സാർത്ഥമാക്കാൻ പ്രത്യേകം പ്രത്യേകം ലാബ് സൗകര്യം ഉണ്ടാവേ ണ്ടതുണ്ട്. ഹൈസ്കൂൾ ഐ.ടി.ലാബിലും കൂടുതൽ കമ്പ്യൂട്ടറു കൾ സ്ഥാപിച്ച് ഐ.ടി. പഠനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.യു. പി വിഭാഗം കുട്ടികൾക്കായി ഒരു ഐ ടി ലാബ് അടിയന്തിരമായി സജ്ജീകരിക്കേണ്ടതുണ്ട്. ഇതിനായി മാനേജ്മെന്റ്, പി.ടി.എ. സഹകര ണത്തോടെയും ജനപ്രതിനിധികളിൽ നിന്നും മറ്റും ഫണ്ട് ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## ഭൗതികം–നേട്ടങ്ങൾ

IT@school(KITE) പ്രോഗ്രാമിന്റെ ഭാഗമായി നിലവിൽ 36 ക്ലാസ്സ് മുറികൾ ഹൈടെക്ക് ക്ലാസ് മുറികളാണ്. കുട്ടികൾക്ക് വായനക്ക് ആവശ്യമായ സമ്പുഷ്ടമായ ലൈബ്രറി പ്രത്യേകമായി തന്നെ ഒരുക്കിയിട്ടുണ്ട്.
നല്ല നിലയിൽ പരീക്ഷണങ്ങൾ ചെയ്യാനുതകുന്ന ഏറെ നിലവാരമുള്ള ഫിസിക്സ് ലാബ് മാനേജ്മെന്റ് കഴിഞ്ഞ വർഷം ഒരുക്കിത്തന്നിട്ടുണ്ട്
36 കമ്പ്യൂട്ടറുകളുള്ള രണ്ട് H.S ഐ.ടി.ലാബ് സ്കൂളിൻ്റെ മറ്റൊരു ഭൗതിക നേട്ടമാണ്. പതിനായിരത്തോളം പുസ്തകങ്ങളുമായി സ്കൂൾ ലൈബ്രററി സൗകര്യപ്രദമാം വിധം പ്രവർത്തിക്കുന്നുണ്ട്. ഡിജിറ്റലൈസ് ലൈബ്രററി സജ്ജീകരിച്ചിട്ടുണ്ട്. ജൈവ വൈവിധ്യ പാർക്ക് ചെറുതെങ്കിലും ഒരുക്കിയിട്ടുണ്ട്
വിശാലമായ കളി സ്ഥലം സ്കൂളിന് സ്വന്തമായുണ്ട്

## ഭൗതികം– പരിമിതികൾ

യു. പി വിഭാഗം കുട്ടികൾക്കായി ഒരു ഐ ടി ലാബ് ഇല്ല എന്നത് വളരെ വലിയ ഒരു പരിമിതിയായി ചൂണ്ടിക്കാണിക്കാം. യു പി വിഭാഗം ക്ലാസ്മുറികളും ഹൈടെക് നിലവാര ത്തിലേക്കുയർന്നില്ല എന്നതും പരിമിതിയാണ്. ഗണിതലാബ്, സാമൂഹ്യ ശാസ്ത്രം ലാബ് എന്നിവ ഹൈസ്കൂളിന് പ്രത്യേകമായില്ല. അതുപോലെ ഫിസിക്സ് ശാസ്ത്രലാബ് ഉണ്ടെങ്കിലും കെമിസ്ട്രിക്കും ബയോളജിക്കും പ്രത്യേകമായി ഇല്ല എന്നുള്ളതും പരിമിതിയാണ്. ഈ പരിമിതികളെല്ലാം മറികടക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. അത് വിജയപഥത്തിലെത്തണം.

കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള ഭോജനശാല നിലവിൽ സ്കൂളിൽ ഇല്ല. ആധുനിക സൗകര്യത്തോടുകൂടിയ ഒരു ഭോജനശാല നിർമ്മിക്കണം. ഇതിൽ ആവശ്യത്തിന് ഫർണിച്ചറുകളും പാത്രങ്ങളും മറ്റും ലഭ്യമാവണം.

കുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഉതകുന്ന ആധുനിക സൗകര്യമുള്ള ശൗചാലയങ്ങൾ പണിയണം. നിലവിലുള്ളവ മെച്ചപ്പെടുത്തേണ്ടതുമുണ്ട്.

കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകാൻ (ഉപകരണ സംഗീതമുൾപ്പെടെ) പ്രത്യേകം റൂം സൗകര്യമൊരുക്കണം.

സ്കൗട്ട്, ഗൈഡ്, JRC, ഹരിത സേന തുടങ്ങിയവയുടെ കുട്ടികളുടെ യൂനിഫോം മറ്റ് സാധന സാമഗ്രികൾ എന്നിവ സൂക്ഷിക്കാൻ പ്രത്യേകം റൂം സൗകര്യം ഉണ്ടാവേണ്ടതുണ്ട്.

വിശാലമായ കളിസ്ഥലമുണ്ടെങ്കിലും ഒരു സ്പോർട്സ് ഇൻഡോർ സ്റ്റേഡിയം എന്നിവ ഇന്നും ഒരു സ്വപ്നമായി നിലനിൽക്കുന്നു. കായിക പഠനം കാര്യക്ഷമമാക്കുന്നതിന് ഇവയ്ക്ക് നിർണ്ണായക പങ്കുണ്ട്.

## സാമൂഹികം-നേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധസംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. അതുപോലെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു. സാമൂഹ്യ ശുചിത്വം, ട്രാഫിക് നിയന്ത്രണം, വൃക്ഷത്തൈകൾ വച്ച്

പിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമായി നടത്തു കയും സമൂഹത്തിൻ്റെ അംഗീകാരം പിടിച്ചുപറ്റിയവയുമാണ്.

## സാമൂഹികം–പരിമിതികൾ

പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ട് പഠനസമയം കൂടുതൽ നഷ്ട പ്പെടുന്നതിനാലും പഠനസമയത്തുള്ള ചില പ്രവർത്തനങ്ങളെങ്കിലും ഏറ്റെടുക്കാനുള്ള പരിമിതി ഉണ്ട്

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

### വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം അനായാസകരമാക്കൽ
4. വായനാ ശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ലാബോറട്ടറി നവീകരണം – ശാസ്ത്രം, ഗണിതം & SS
7. പ്രതിഭാപോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. ജൈവ വൈവിധ്യ പാർക്ക് – ഒരുക്കൽ
10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
11. പഠനയാത്രകൾ

12. സ്കൂൾ പത്രം, മാസിക

13. അധ്യാപക ശാക്തികരണം – സ്കൂൾ SRG തലം

14. പ്രവൃത്തി പരിചയ പരിശീലനം

15. കലാപരിപോഷണം

16. പച്ചക്കറിത്തോട്ടം

17. സാഹിത്യ ശില്പശാലകൾ

18. മെഡിക്കൽ ക്യാമ്പുകൾ

19. രക്തഗ്രൂപ്പ് നിർണയം

20. ലഘുഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ

21 സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ

22. ഭാഷാ ലാബ്

23. ദിനാചരണങ്ങൾ – ശക്തിപ്പെടുത്തൽ

24. ഗവേഷണാത്മക പഠനം

25. കായികശേഷി വികസനം

26. വിലയിരുത്തൽ കാര്യക്ഷമമാക്കൽ

27. ചോദ്യപേപ്പർ ശില്പശാല

28. ഐ.ടി.പഠനം – കാര്യക്ഷമമാക്കൽ

29. ജന്മദിന പുസ്തകം

30. ചിത്രരചനാ ക്യാമ്പ്

31. ശാസ്ത്ര, ഗണിതശാസ്ത്ര, SS, IT, പ്രവൃത്തി പരിചയ മേളകൾ

32. ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ



**SCIENCE LAB**



**LIBRARY**



**IT LAB**

# അക്കാഡമിക് മാസ്റ്റർ പ്ലാൻ

(യു. പി. വിഭാഗം)

വിഭാഗം : യു.പി

വിഷയം : മലയാളം

| ഉപമേഖല/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തനം -1<br>പൂജ്യം നിരക്ഷരത<br>എല്ലാ കുട്ടികൾക്കും മലയാളം എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം "മലയാളത്തിളക്കം" | 5 മുതൽ 7 വരെയുള്ള ക്ലാസികളിലെ എഴുതാനും വായിക്കാനും ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം പദ നിർമാണം,വാക്യ നിർമാണം, വാക്യ നിർമാണം എന്നിവയിൽ പരിശീലനം നൽകുന്നു. | 2025-26 അധ്യന വർഷം | MPTA, SRG, Mal Teachers | PTA |
| പ്രവർത്തനം -2<br>നാട്ടറിവുകൾ | കുട്ടികൾക്ക് നമ്മുടെ നാടിന്റെ സംസ്കാരത്തെ കുറിച്ചും കല - സാഹിത്യ രൂപങ്ങളെ കുറിച്ചും അവബോധം ഉണ്ടാക്കുന്നതിനായി വിവിധ കലാരൂപങ്ങൾ, സാഹിത്യകൃതികൾ തുടങ്ങിയവ നേരിട്ട് കണ്ടു മനസ്സിലാക്കാൻ അവസരം.<br>ICT സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി വിവിധ കലാരൂപങ്ങളുടെ പ്രദർശനം | മാസത്തി ലൊരിക്കൽ | വിദ്യാരംഗം - മലയാളം ക്ലബ് | 5000 |
| പ്രവർത്തനം -3<br>സർഗ്ഗശേഷി വികസനം | കഥ - കവിത സ്വന്തം രചനകൾ പ്രദർശിപ്പിക്കാൻ അവസരം.<br>പതിപ്പുകളും മാസികകളും നിർമ്മിക്കൽ<br><br>വർഷത്തി ൽ രണ്ടു പ്രാവശ്യം | വർഷത്തി ൽ രണ്ടു പ്രാവശ്യം | HM/PTA | 3000 |
| പ്രവർത്തനം -4<br>ഗ്രന്ഥശാല വിപുലീകരണം | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ശേഖരിക്കൽ | വർഷത്തി ലൊരിക്കൽ | HM/PTA | 2000 |

വിഭാഗം : യു.പി

വിഷയം : അറബിക്

| ഉപലക്ഷ്യം/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തനം 1<br><br>100% സാക്ഷരത | അഞ്ചാം ക്ലാസ്സ് മുതൽ ഏഴാം ക്ലാസ്സ് വരെയുള്ള കുട്ടികളിൽഎഴുതാനും വായിക്കാനും അറിയാത്ത കുട്ടികളെ കണ്ടെത്തി പരീക്ഷ നടത്തും.<br><br>ക്ലാസ് അടിസ്ഥാനത്തിൽ കുട്ടികളെ ഗ്രൂപ്പാക്കിതരം തിരിച്ച് അറബിക് അധ്യാപകർക്ക് വീതിച്ച് നൽകും. അധ്യാപകരുടെ ഒഴിവ്<br><br>സമയങ്ങൾക്ക് അനുസരിച്ച് ടൈംടേബിൾ ചിട്ടപ്പെടുത്തി ക്ലാസ്സുകൾ നൽകും.<br><br>മൂല്യനിർണയം നടത്തി പഠന പുരോഗതി വിലയിരുത്തി ആവശ്യമായ തുടർ പ്രവർത്തനങ്ങൾ നടത്തും | 2025 ജൂൺ 15-30<br><br>August 1 മുതൽ നിരന്തര പ്രവർത്തനം. | അറബിക് അധ്യാപകർ | |
| പ്രവർത്തനം 2 പുസ്തക പരിചയം കുട്ടികളിൽ വായനാശീലം വളർത്തൽ | അറബിക് പുസ്തകങ്ങളുടെ ശേഖരണം നടത്തും.<br>ജന്മ ദിന സമ്മാനമായി പുസ്തകം വായനശാലയിലേക്ക്...<br>കുട്ടികളിൽ വായനാശീലം വളർത്തുന്നതിന് ക്ലാസ് അടിസ്ഥാനത്തിൽ കുട്ടികളെ തരംതിരിച്ച് അറബിക് പുസ്തകങ്ങൾ നൽകുന്നു. | August 1 മുതൽ നിരന്തര പ്രവർത്തനം | വിദ്യാർത്ഥികൾ രക്ഷിതാക്കൾ | |
| പ്രവർത്തനം 3<br><br>അറബിക് സാഹിത്യം കുട്ടികളിലെ കലാസാഹിത്യ \| ഉന്നമനം | അറബിക് കലാ സാഹിത്യ മത്സരങ്ങൾ സംഘടിപ്പിച്ച് കഴിവുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു.<br><br>കുട്ടികളിലെ കലാവാസനയെ പരിപോഷിപ്പിക്കുന്നതിന് വിദഗ്ധ (workshop) സംഘടിപ്പിക്കുന്നു. | 2025 august 1 മുതൽ 2026 januvary31 | അറബിക് അധ്യാപകർ വിദ്യാർത്ഥികൾ രക്ഷിതാക്കൾ | |
| | | | | |

| അക്കാദമികമാസ്റ്റർപ്ലാൻ | | |
|---|---|---|
| വിഭാഗം : യു പി<br><br>വിഷയം : സംസ്കൃതം | | |
| ഉപമേഖല | പ്രവർത്തനങ്ങൾ | കാലം |
| പ്രവർത്തനം –1<br>ഭാഷാ ജ്ഞാനം | അക്ഷരം എഴുത്ത് ചിഹ്നം ഉറപ്പിക്കുക, അക്ഷരകാർഡ്, അക്ഷരമാല പ്രദർശനം | ജൂൺ- ആഗസ്റ്റ് |
| പ്രവർത്തനം –2<br><br>പറയാം, പഠിക്കാം | ചിത്രങ്ങളുടെ പേരു പറയൽ ചിത്രകഥകൾ | ജൂൺ- ആഗസ്റ്റ് |
| പ്രവർത്തനം –3<br>വീട് ഒരു പരീക്ഷണശാല | കാണുന്നതും, കേൾക്കുന്നതും, ഉപയോഗിക്കുന്നതുമായ വസ്തു ക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക | ആഗസ്റ്റ്- നവംബർ |
| പ്രവർത്തനം– 4<br><br>മത്സര പരീക്ഷകൾക്ക് തയാറാക്കൽ | മാതൃകാ ചോദ്യപേപ്പറുകൾ നൽകൽ, ആനുകാലികങ്ങൾ വായിക്കുവാൻ നൽകൽ | നിരന്തര പ്രവർത്തനം |
| പ്രവർത്തനം –5<br>പ്രത്യേക പരി ഗണന അർ ഹിക്കുന്നവർക്കാ യുള്ള പ്രവർത്തനങ്ങൾ – | പ്രത്യേക ക്ലാസുകൾ നൽകുന്നു. ഗൃഹ പ്രവേശനം | ഫിബ്രുവരി- മാർച്ച് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – ഉറുദു

## DUHSS THOOTHA (UP)

| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |
|---|---|---|---|---|---|---|
| 1 | [illegible] ഉറുദു | എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ അക്ഷരമാല [illegible] എഴുതാനും [illegible] ഉച്ചാരണ ശുദ്ധിയോടെയും വായിക്കാനുള്ള ശേഷി കൈവരിക്കുന്നതിന് | അക്ഷര, പദ കാർഡുകളുടെ സഹായത്താൽ അക്ഷരങ്ങളുടെ രൂപവും ഉച്ചാരണവും ഉറപ്പിക്കുന്നു<br>പദ, ചിത്ര കാർഡുകൾ വായിച്ച് അനുയോജ്യമായവ യോജിപ്പിക്കുന്നു<br>ചിത്രങ്ങളുടെ സഹായത്താൽ വാക്യങ്ങൾ നിർമ്മിച്ച് എഴുതുന്നു, അവ വായിക്കുന്നു<br>കൊച്ചുകഥകളും കവിതകളും വിവരണങ്ങളും വായിക്കുന്നു, പകർത്തി എഴുതുന്നു | ജൂൺ ജൂലായ് ആഗസ്റ്റ് | [illegible] | 2000/- |
| 2 | [illegible] ഉറുദു | [illegible] | [illegible] | [illegible] | [illegible] | 2000/- |
| 3 | ഡിജിറ്റൽ ഉറുദു- ഉറുദു സ്മാർട്ട് ക്ലാസ് റൂം | [illegible] | [illegible] | ജൂൺ മുതൽ മാർച്ച് വരെ | [illegible] | 1,00000/- |

വിഭാഗം- യു.പി

വിഷയം - ഇംഗ്ലീഷ്

| ഉപമേഖല/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രവർത്തനം -1**<br><br>ഇംഗ്ലീഷ് അസംബ്ലി എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തി എടുക്കുക | ആഴ്ചയിൽ ഒരിക്കൽ ഓരോ ക്ലാസിലെയും കുട്ടികൾ എല്ലാ പരിപാടികളും ഇംഗ്ലീഷിൽ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. ക്ലാസ് ടീച്ചർമാർ വേണ്ട മാർഗ്ഗ നിർദേശങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരുദിവസം | ക്ലാസ് ടീച്ചർ | |
| **പ്രവർത്തനം -2**<br><br>ഇംഗ്ലീഷ് ഡയറി | ഇംഗ്ലീഷ് പ്രയാസം കൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുന്നു<br>ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടന്ന കാര്യങ്ങൾ ചുരുക്കി ഒരു പുസ്തകത്തിൽ ഇംഗ്ലീഷിൽ എഴുതുക | ആഴ്ചയിൽ 7 ദിവസം | ക്ലാസ് അധ്യാപിക | |
| **പ്രവർത്തനം - 3**<br><br>ഇംഗ്ലീഷ് കത്തെഴുത്ത് | ഇംഗ്ലീഷ് എഴുത്തിൽ പ്രാവീണ്യം നേടൽ - സ്കൂളിലും വീട്ടിലും നടക്കുന്ന പ്രത്യേക കാര്യങ്ങൾ വിവരിച്ചുകൊണ്ട് കൂട്ടുകാർക്ക് ഇംഗ്ലീഷിൽ കത്തെഴുതുന്നു | വർഷത്തിൽ 2 തവണ | ഇംഗ്ലീഷ് അധ്യാപിക | |
| **പ്രവർത്തനം -4**<br><br>ഇംഗ്ലീഷ് സാഹിത്യ വിവർത്തനം | ഇംഗ്ലീഷ് വ്യാകരണത്തിലും സാഹിത്യത്തിലും ആഴത്തിലുള്ള അറിവ് നേടൽ - ലളിതമായ മലയാള സാഹിത്യ പുസ്തകങ്ങൾ, കുട്ടികൾക്ക് വേണ്ടിയുള്ള കഥകൾ എന്നിവ ആശയ ഭംഗി ചോരാതെ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കൽ | പ്രതിവർഷം 2 പുസ്തകം | ഇംഗ്ലീഷ് അധ്യാപിക, ക്ലാസ് അധ്യാപിക | പ്രതിവർഷം 10,000 CSR fund |

വിഭാഗം : യു പി

വിഷയം : ഹിന്ദി

| ഉപമേഖല/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന കാർഡുകൾ തയ്യാറാക്കൽ (ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയുന്നതിന് ) | വായന കാർഡുകൾ തയ്യാറാക്കൽ (ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയുന്നതിന് ) പഴങ്ങൾ ,പച്ചക്കറികൾ ,വൃക്ഷങ്ങൾ,എന്നിവയുടെ പേരുകൾ ഉൾപ്പെടുത്തുക . | ജൂൺ12 മുതൽ | അധ്യാപകർ | 500 |
| ഹഫ്തേ ക ശബ്ദ് | ആഴ്ചയിലെ വാക്ക് ഓരോ ആഴ്ചയിലും ഓരോ പുതിയ വാക്ക് | ജൂൺ24 മുതൽ | ഹിന്ദി ക്ലബ്ബ് | |
| ഹിന്ദി അസംബ്ലി | ഹിന്ദി അസംബ്ലി എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു (മഹത് വചനങ്ങൾ ,വാർത്ത ,പതാക വായന ,സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ ,ഹിന്ദിയുടെ അന്തരീക്ഷം സൃഷ്ടിക്കുന്നു) | ജൂൺ25 മുതൽ | ഹിന്ദി ക്ലബ്ബ്, അധ്യാപകർ | |
| ഹിന്ദി വായന | ഹിന്ദി വായന UP കുട്ടികളെ മുഴുവൻ ഹിന്ദി വാക്യങ്ങൾ വായിക്കാൻ പ്രാപ്തരാക്കുക ( ഹിന്ദി ബാലഗീതങ്ങൾ കുട്ടികൾക്ക് നൽകി വാക്കായി തയ്യാറായനക്കുക) | ജൂലൈ 10 മുതൽ ഒരു വർഷം | ഹിന്ദി ക്ലബ്ബ്, അധ്യാപകർ | 800 |
| സ്പർശം | സ്പർശം ഹിന്ദി എഴുത്ത് വായന എന്നിവ കുട്ടിയിൽ എത്തിക്കുന്നതിനുള്ള പ്രവർത്തങ്ങൾ നൽകുക | ജൂലൈ 25 മുതൽ | ജൂലൈ25 മുതൽ | |

വിഭാഗം : യു.പി

വിഷയം : സോഷ്യൽ സയൻസ്

| ഉപമേഖല/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തനം 1<br>സാമൂഹ്യ ശാസ്ത്ര ലൈബ്രറി<br><br>വായനയിലൂടെ സാമൂഹ്യ ശാസ്ത്ര ബോധം വളർത്തിയെടുക്കുക. | ഡിജിറ്റൽ ലൈബ്രറി, ചരിത്രം, ഭൂമിശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, പൗരധർമ്മം, സോഷ്യോളജി എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർ ബുക്സ്,മാസികകൾ.. | 1 വർഷം | | |
| പ്രവർത്തനം 2<br>സാമൂഹ്യശാസ്ത്ര ഫെസ്റ്റ്<br>അറിവിന്റെ നിർമ്മാണം, സാമൂഹ്യ പഠനം ക്രിയാത്മകമാക്കൽ, പങ്കാളിത്തം, സമഗ്ര വികസനം. | ക്വിസ്, പ്രസംഗം, നാടകം, സ്കിറ്റ്, പഠനോൽപ്പന്നങ്ങളുടെ പ്രദർശനം, ഭൂപട നിർമ്മാണം, മോഡലുകൾ, പ്രാദേശിക വിഭവ ഭൂപടങ്ങൾ, ഡിജിറ്റൽ ആൽബം. | അവസാന പാദം | സാമൂഹ്യ ക്ലബ് | 10,000/<br>പി.ടി. എ |
| പ്രവർത്തനം 3<br>ബുള്ളറ്റിൻ<br>ആനുകാലിക വിവരങ്ങൾ കുട്ടികളിലേക്ക് എത്തിക്കൽ | ഓരോ ആഴ്ചയിലും പ്രധാന പ്രവർത്തനങ്ങളും സംഭവങ്ങളും പ്രദർശിപ്പിക്കുക. | ആഴ്ചയിൽ 1 | സാമൂഹ്യ ക്ലബ് | പി.ടി. എ |
| പ്രവർത്തനം 4<br><br>മോക്ക് പാർലമെന്റ്<br>ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ.<br>നേതൃത്വ പരിശീലനം. | തെരഞ്ഞെടുപ്പ് ചട്ടങ്ങൾ പാലിച്ച് സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ ബാലറ്റ് പേപ്പർ, സ്ഥാനാർത്ഥികൾ, പ്രചാരണം, പത്രിക സമർപ്പണം... | വർഷത്തിലൊരിക്കൽ | സാമൂഹ്യ ക്ലബ് | പി.ടി. എ |
| പ്രവർത്തനം 5<br>പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | ICT സാധ്യതകളുപയോഗിച്ച് ലോകത്തെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തിയെടുക്കുക | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |

വിഭാഗം : യു.പി
വിഷയം : സയൻസ്

| ഉപമേഖല/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| പ്രവർത്തനം -1<br>ക്ലാസ്സ് ലാബ് | കട്ടികൾക്ക് ശാ സ്ത്രീയ പരീക്ഷണങ്ങൾ സ്വയം നടത്തുന്നതിന്<br>*ജലം വിതാനം പാ ലിക്കന്ന പരീക്ഷണം<br>*സ്വയം സർക്കീട്ട് രൂപകൽപന ചെ യ്യാൻ | 1 വർഷം | ഷഹന | PTA, SRG |
| പ്രവർത്തനം -2<br>വർക്ക് ഷോ പ്പ് | കട്ടികൾക്ക് ശാസ്ത്രീ യ അഭിരുചി ഉണ്ടാക്കക. | 2 ദിവസം | ആഷിക്ക | |
| പ്രവർത്തനം -3<br>സഹവാസക്യാമ്പ് നക്ഷത്ര നിരീക്ഷണം | കട്ടികളിൽ സാമൂഹ്യ ബോധം ഉണ്ടാക്കക.<br>പ്രപഞ്ചത്തെ കറിച്ച് അറി യുക | വർഷത്തി ലൊരി ക്കൽ | പാത്തുമ്മ | PTA |
| പ്രവർത്തനം -4<br>ഔഷധത്താ ട്ടം വിപുലീകരണം | ചുറ്റുപാടിലുള്ള ഔഷധസസ്യങ്ങളെകുറി ച്ച് അടുത്തറിയാൻ.<br>സസ്യങ്ങളെ തി രിച്ചറി യാൻ | 1 വർഷം | മുബീന | MANAGEMENT |
| പ്രവർത്തനം -5<br>ശാസ്ത്രമേള | കട്ടികളിൽ ശാസ്ത്രീ യഭിരുചിവളർത്താ ൻ സഹായകമാകം | 1 വർഷം | ആതിര, | PTA 5000 |
| പ്രവർത്തനം -6<br>ലാബ് വിപുലീ കരണം | കട്ടികൾക്ക് ശാസ്ത്രീ യ പരീക്ഷണങ്ങൾ നടത്താൻ അവസരം നൽകുന്നു | 6 മാസം | അസീം | MANAGEMENT |
| പ്രവർത്തനം -7<br>കൃഷി തോട്ടം | കട്ടികൾക്ക് പരിസരവും കൃഷി രീതിയും മനസിലാക്കാൻ | 6 മാസം | പാത്തുമ്മ, ഷഹന, അസീം | |

വിഭാഗം : യു.പി
വിഷയം : ഗണിതം

| ഉപമേഖല/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പ്രവർത്തനം 1<br>ഗണിത ശില്പശാല<br>ഗണിത ശാസ്ത്ര പഠനം രസകരമാക്കുക. കരചലന ശേഷികളുടെ വികാസം | വിവിധ ഗണിത ആശയങ്ങൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. ഗണിത മേളയിൽ വിവിധ രൂപങ്ങൾ നിർമ്മിക്കൽ മാഗസിൻ നിർമാണം. ചാർട്ട് നിർമ്മാണം. | വർഷത്തിലൊരിക്കൽ | **എസ്. ആർ.ജി** | OSA, PTA 1000/- |
| പ്രവർത്തനം 2<br>ഗണിത ലാബ് സജ്ജീകരണം. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു റൂം ഗണിത ലാബായി സജ്ജീകരിക്കൽ. ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. ശാസ്ത്രജ്ഞന്മാരുടെ ഫോട്ടോ പ്രദർശനം. | ആവശ്യാനുസരണം. | S.R.G ഗണിത ക്ലബ് | എസ് എസ് എ 1000/- |
| പ്രവർത്തനം 3<br>ഗണിത ആശയങ്ങളും ഗണിത രൂപങ്ങളും തിരിച്ചറിയുന്നതിനും മനസ്സിലാക്കുന്നതിനും. | ഗണിത ആശയങ്ങളും ഗണിത രൂപങ്ങളും എന്നിവ ക്ലാസ്സ് റൂം ഭിത്തികളിൽ വരക്കൽ. | ആവശ്യാനുസരണം. | ഐ.എസ് എ. പി.ടി.എ | 4000/- |
| പ്രവർത്തനം 4<br>മനക്കണക്ക്<br>മനക്കണക്കിൽ വൈദഗ്ദ്യം കൈവരിക്കൽ | ക്ലാസ് അടിസ്ഥാനത്തിൽ മനക്കണക്കുകളുടെയും കുസൃതിക്കണക്കുകളുടെയും അവതരണവും ശേഖരണവും. | 2 മാസത്തിലൊരിക്കൽ | ഗണിത ക്ലബ് | |
| പ്രവർത്തനം 5<br>ഗണിത വസന്തം<br>ഗണിത പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ മുൻനിരയിലേക്ക് കൊണ്ട് വരൽ | അധ്യാപകരെയും ഗണിതത്തിൽ മികവ് കാണിക്കുന്ന കുട്ടികളെയും ഉപയോഗപ്പെടുത്തി ചതുഷ്ക്രിയകൾ, സംഖ്യാബോധം എന്നിവ പരിശീലിപ്പിക്കൽ. | ദിവസത്തിൽ 40 മിനിറ്റ് | ഗണിത അധ്യാപകർ | |
| പ്രവർത്തനം 6<br>ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ഐടി സാധ്യതകളിലൂടെ ജാമിതിയ രൂപങ്ങൾ, ചതുഷ്ക്രിയകൾ ,ടാൻഗ്രാം പോലുള്ള പ്രവർത്തനങ്ങൾ എത്തിക്കാൻ എളുപ്പമാകുന്നു | മാസത്തിൽ ഒരുതവണ | ഗണിത അധ്യാപകർ | |
| പ്രവർത്തനം 7<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിത ക്ലിനിക്ക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും ഗണിതത്തിൽ മുന്നിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ വിദ്യാർത്ഥികളും | |
| പ്രവർത്തനം 8<br>വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ SRG യില് രൂപപ്പെടുത്തുന്നു .നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | SRG | |

**വിഭാഗം : UP- HIGH SCHOOL**

**വിഷയം : ചിത്രകല**

| ഉപമേഖല | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രവർത്തനം 1**<br>മത്സരങ്ങൾ സംഘടിപ്പിക്കുന്ന പ്രദർശനങ്ങൾ നടത്തുന്നു | ചിത്രകലയിൽ താല്പര്യമുള്ള മുഴുവൻ വിദ്യാർഥികളെയും സംഘടിപ്പിച്ച് പെൻസിൽ ഡ്രോയിങ്,,പെയിന്റിംഗ്, ക്ലേ മോഡലിംഗ് മത്സരങ്ങൾ സംഘടിപ്പിക്കുകയും അതിനാവശ്യമായ ചാർട്ട്, പെയിന്റ്, ക്ലേ ഇത്തരിയവ സ്കൂളിൽ നിന്ന് നൽകുകയും ചെയ്യുന്നു കൂടാതെ അവയുടെ പ്രദർശനവും സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ ഡിസംബർ വരെ | ജിനേഷ്. P. T( ഡ്രോയിങ് ടീച്ചർ ) | 10000 |
| **പ്രവർത്തനം 2**<br>നിരീക്ഷണം,പോസ്റ്റർ രചന | വിവിധ ക്ലബ്ബുകളുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന പ്രത്യേക ദിനാചരണങ്ങളുടെ ഭാഗമായി പോസ്റ്റർ രചന മത്സരങ്ങളും അവയുടെ പ്രദർശനവും പ്രത്യേകം സജ്ജീകരിച്ച ഹാളിൽ സംഘടിപ്പിക്കുന്നു മത്സരത്തിന് വേണ്ട സാധനങ്ങൾ സംഘടിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ജിനേഷ്. P. T( ഡ്രോയിങ് ടീച്ചർ ) | 15000 |

വിഭാഗം : **UP - HIGH SCHOOL**

വിഷയം : പ്രവർത്തി പഠനം

| ഉപമേഖല | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തനം 1<br>പാഴ് വസ്തുക്കളിൽ നിന്നും മറ്റ് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു | വിവിധതരം പാഴ് വസ്തുക്കളിൽ നിന്നും ഉപയോഗപ്രദമായ മറ്റ് ഉൽപ്പന്നങ്ങൾ ഉണ്ടാക്കുവാനുള്ള പരിശീലനം നൽകുന്നു. അവയുടെ പ്രദർശനവും നടത്തുന്നു. നിർമ്മാണത്തിന് ആവശ്യമായ സാധനങ്ങൾ സംഘടിപ്പിക്കുന്നു അവയുടെ പ്രദർശനത്തിന് വേണ്ട ഹാൾ സജ്ജീകരിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഷാബിറ ഇ പി | 5000 |
| **പ്രവർത്തനം 2**<br>ഭക്ഷ്യമേളകൾ സംഘടിപ്പിക്കുന്നു | വിവിധതരം ഭക്ഷ്യവസ്തുക്കൾ ഉപയോഗിച്ച് മറ്റ് വ്യത്യസ്ത തരം ഉൽപ്പന്നങ്ങൾ. നിർമ്മിക്കുവാനുള്ള പരിശീലനം നൽകുന്നു. അവയുടെ പ്രദർശനവും സംഘടിപ്പിക്കുന്നു. | മാസത്തിലെ ഏതെങ്കിലും പ്രവർത്തി ദിവസങ്ങളിൽ | ഷാബിറ ഇ പി | 10000 |
| പ്രവർത്തനം 3<br>കടലാസ് ഉൽപ്പന്ന നിർമ്മാണവും പരിശീലനവും | വിവിധതരം കളർ പേപ്പറുകൾ ഉപയോഗിച്ച് വ്യത്യസ്ത തരം അലങ്കാര വസ്തുക്കൾ ഉണ്ടാക്കുകയും അവയുടെ പ്രദർശനവും സംഘടിപ്പിക്കുന്നു. ഇതിനു വേണ്ട സാധനങ്ങൾ കുട്ടികൾക്ക് നൽകുന്നു | മൂന്നു മാസത്തിൽ ഒരിക്കൽ | ഷാബിറ ഇ പി | 5000 |

# അക്കാഡമിക് മാസ്റ്റർ പ്ലാൻ
# എച്ച്. എസ്. വിഭാഗം

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

വിഭാഗം : എച്ച് എസ്

വിഷയം : മലയാളം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | നാടൻ കലാരൂപങ്ങൾ പരിചയപ്പെടുത്തൽ/ നാട്ടറിവുകൾ ഐസിടി സാധ്യതകൾ ഉപയോഗപ്പെടുത്തി വിവിധ കലാരൂപങ്ങളുടെ പ്രദർശനം | വിവിധ കലാരൂപങ്ങളുടെ അവതരണം. കുട്ടികൾക്ക് നമ്മുടെ നാടിന്റെ സംസ്കാരത്തെ കുറിച്ച് അവബോധം ഉണ്ടാക്കുന്നതിന് | ഒരു തവണ | വിദ്യാരംഗം മലയാളം, പി ടി എ | |
| 2 | നൃത്താവിഷ്കാരം | കവിതയുടെ നൃത്താവിഷ്കാരം | ഒരുതവണ | മലയാളം, വിദ്യാരംഗം | |
| 3 | പൂജ്യം- നിരക്ഷരത | എച്ച്എസ് - വിഭാഗങ്ങളിൽ എഴുതാനും വായിക്കാനും ബുദ്ധിമുട്ടുള്ളവരെ കണ്ടെത്തി പരിശീലനം (മലയാളത്തിളക്കം എന്ന പരിപാടിയുടെ ചുവട് പിടിച്ച് ) | 2025-26 അധ്യയന വർഷം | സബ്ജക്റ്റ് കൗൺസിൽ പ്രതിനിധികൾ. മലയാളം അധ്യാപകർ | |
| 4 | വിവിധ ശേഷികളുടെ വികസനം | ദിനാചരണങ്ങൾ | ജൂൺ മാർച്ച് | SRG | |
| 5 | ഗ്രന്ഥ ശാല വിപുലീകരണം | ഗ്രന്ഥ ശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ശേഖരിക്കൽ- അമ്മ വായന പുസ്തകം കുട്ടികൾ വശം അമ്മമാർക്ക് | 2025-26 അധ്യയന വർഷം | വിദ്യാരംഗം SRG | |

വിഭാഗം : എച്ച് എസ്

വിഷയം : അറബിക്

| ഉപമേഖല/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തനം 1<br><br>100% സാക്ഷരത | എട്ടാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെയുള്ള കുട്ടികളിൽ എഴുതാനും വായിക്കാനും അറിയാത്ത കുട്ടികളെ കണ്ടെത്തി പരീക്ഷ നടത്തും.<br><br>ക്ലാസ് അടിസ്ഥാനത്തിൽ കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് അറബിക് അധ്യാപകർക്ക് വീതിച്ച് നൽകും. അധ്യാപകരുടെ ഒഴിവു<br><br>സമയങ്ങൾക്ക് അനുസരിച്ച് ടൈംടേബിൾ ചിട്ടപ്പെടുത്തി ക്ലാസ്സുകൾ നൽകും.<br><br>മൂല്യനിർണയം നടത്തി പഠന പുരോഗതി വിലയിരുത്തി ആവശ്യമായ തുടർ പ്രവർത്തനങ്ങൾ നടത്തും | 2025 ജൂൺ 15-30<br><br>August 1 മുതൽ നിരന്തര പ്രവർത്തനം. | അറബിക് അധ്യാപകർ | |
| പ്രവർത്തനം 2 പുസ്തക പരിചയം കുട്ടികളിൽ വായനാശീലം വളർത്തൽ | അറബിക് പുസ്തകങ്ങളുടെ ശേഖരണം നടത്തും.<br>ജന്മ ദിന സമ്മാനമായി പുസ്തകം വായനശാലയിലേക്ക്...<br>കുട്ടികളിൽ വായനാശീലം വളർത്തുന്നതിന് ക്ലാസ് അടിസ്ഥാനത്തിൽ കുട്ടികളെ തരംതിരിച്ച് അറബിക് പുസ്തകങ്ങൾ നൽകുന്നു. | August 1 മുതൽ നിരന്തര പ്രവർത്തനം | വിദ്യാർത്ഥികൾ രക്ഷിതാക്കൾ | |
| പ്രവർത്തനം 3<br><br>അറബിക് സാഹിത്യം കുട്ടികളിലെ കലാസാഹിത്യ \| ഉന്നമനം | അറബിക് കലാ സാഹിത്യ മത്സരങ്ങൾ സംഘടിപ്പിച്ച് കഴിവുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു.<br><br>കുട്ടികളിലെ കലാവാസനയെ പരിപോഷിപ്പിക്കുന്നതിന് വിദഗ്ധ (workshop) സംഘടിപ്പിക്കുന്നു. | 2025 august 1 മുതൽ<br>2025 january 31 | അറബിക് അധ്യാപകർ വിദ്യാർത്ഥികൾ രക്ഷിതാക്കൾ | |
| പ്രവർത്തനം 4 ഫീൽഡ് ട്രിപ്പ് | കുട്ടികളിൽ സഹജീവി സ്നേഹം വളർത്തുന്നതിന് പെയിൻ പാലിയേറ്റീവിന്റെ സഹായത്തോടെ കിടപ്പു രോഗികളെ സന്ദർശിക്കൽ | അവസാന ടേമിൽ | അറബിക് അധ്യാപകർ വിദ്യാർത്ഥികൾ രക്ഷിതാക്കൾ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26
# ഉർദു

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ആസാൻ ഉർദു: | എഴുതാനും വായിക്കാനും ബുദ്ധിമുട്ടുള്ളവരെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുക | ജൂൺ,ജൂലൈ ആഗസ്റ്റ് | ഉർദു ക്ലബ്ബ്. | 1000 |
| 2 | ബസ്മെ അദബ്: സാഹിത്യ ശിൽപശാല | കഥ കവിത ഉപന്യാസം തുടങ്ങിയ സാഹിത്യ ശാഖകളിൽ വിദ്യാർത്ഥികളുടെ അഭിരുചിയും നൈപുണ്യവും വർദ്ധിപ്പിക്കുന്നതിനായി ശിൽപശാല സംഘടിപ്പിക്കുക. | സെപ്റ്റംബർ | ഉർദു ക്ലബ്ബ്. | 1500 |
| 3 | മെഹ്ഫിലെ അദബ്: ഉർദു കവിതാവിഭാഗങ്ങൾ പരിചയപ്പെടുത്തുക. | വിദ്യാർത്ഥികളുടെ അവതരണം/ ഗസൽ മെഹ്ഫിൽ സംഘടിപ്പിക്കുക. ഐസിടി സാധ്യതകൾ ഉപയോഗപ്പെടുത്തി വിവിധ കവിതാവിഭാഗങ്ങളുടെ പ്രദർശനം ( നസ്മ്,ദുആ,ഗസൽ....) | നവംബർ ഡിസംബർ ജനുവരി | സബ്ജറ്റ് കൗൺസിൽ പ്രതിനിധികൾ. പിടി.എ | 5000 |

| അക്കാദമികമാസ്റ്റർപ്ലാൻ | | |
|---|---|---|
| **വിഭാഗം : എച്ച് എസ്**<br><br>**വിഷയം : സംസ്കൃതം** | | |
| **ഉപമേഖല** | **പ്രവർത്തനങ്ങൾ** | **കാലം** |
| <u>പ്രവർത്തനം –1</u><br>വായനാശീലം വളർത്തൽ | എല്ലാ കുട്ടികൾക്കും ഭാഷ ഫല പ്രദമായി വായിക്കുവാനും, എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കൽ ദിവസവും വായനയിലും, എഴുത്തിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | നിരന്തര പ്രവർത്തനം |
| <u>പ്രവർത്തനം –2</u><br>അക്ഷരങ്ങളും പദങ്ങളുംആശയങ്ങളും ഉറപ്പിക്കുക | പതിപ്പുകൾ, പോസ്റ്റർ നിർമ്മാണം, കഥ, ഉപന്യാസം രചന എന്നിവ | നിരന്തര പ്രവർത്തനം |
| <u>പ്രവർത്തനം –3</u><br>പ്രകൃതി ചിത്രണം | പ്രകൃതിയെ വരക്കൽ | ജൂൺ, ജൂലൈ |
| <u>പ്രവർത്തനം– 4</u><br>സാഹിത്യാഭി രുചി വളർത്തു ന്ന പ്രവർത്തനങ്ങൾ | വിവിധ സാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, സുഭാഷിതങ്ങൾ ജീവചരിത്രകുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ | നിരന്തര പ്രവർത്തനം |
| <u>പ്രവർത്തനം –5</u> | ഒഴുക്കോടെയും ശരിയായ ഉച്ഛാരണത്തോടെയും സംസ്കൃത ഭാഷ സംസാരിക്കുവാനും കേട്ട് മനസ്സി ലാക്കുവാനുമായി ദിവസവും 5 മിനിട്ട് ഉച്ചരി ക്കാൻ ബുദ്ധിമുട്ടുള്ള പദങ്ങൾ ഉച്:ാരിപ്പിക്കുക സംഭാഷണ ശൈലി പരിശീലനം നൽകുക, വായിപ്പിക്കുക. | |

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക | Spoken English Class<br>English Library നവീകരണം<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേഴ്സ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറാക്കുന്നതിനുവേണ്ടി English Cinema യുടെ ചിലഭാഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേഴ്സ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ അവതരിപ്പിക്കൽ നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേഴ്സ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദനിർമ്മാണം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേഴ്സ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേഴ്സ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ രൂപങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്ലാസ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് കവിത കേൾക്കാനുള്ള അവസരം | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേഴ്സ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആന്തോളജികൾ തയ്യാറാക്കുന്നു | വെക്കേഷൻ, ശില്പശാലകൾ | ടീച്ചേഴ്സ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേഴ്സ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7) സംവാദ സദസ്സുകൾ സംഘടിപ്പിക്കുക | Native Speakers മായി സമയം ചിലവഴിക്കാനും സംവാദം നടത്താനും അവസരങ്ങൾ ഒരുക്കുന്നു. | ശില്പശാലകൾ/വെക്കേഷൻ | ടീച്ചേഴ്സ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets-മായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |

വിഭാഗം : എച്ച് എസ്

വിഷയം : ഹിന്ദി

| ഉപമേഖല/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹഫ്തേ കാ ശബ്ദ് | ആഴ്ചയിലെ വാക്ക് ഓരോ ആഴ്ചയിലും ഓരോ പുതിയ വാക്ക് | ജൂൺ 24 മുതൽ | ഹിന്ദി ക്ലബ്ബ് | |
| ഹിന്ദി അസംബ്ലി | ഹിന്ദി അസംബ്ലി എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു (മഹത് വചനങ്ങൾ,വാർത്ത ,പതാക വായന സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ ഹിന്ദിയുടെ അന്തരീക്ഷം സൃഷ്ടിക്കുന്നു) | ജൂൺ 25 മുതൽ | ഹിന്ദി ക്ലബ്ബ്, അധ്യാപകർ | |
| ഹിന്ദി വർക്ക് ഷീറ്റ് നിർമാണം | ഹിന്ദി വർക്ക് ഷീറ്റ് നിർമാണം പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ഷീറ്റ് നൽകി പാഠ്യ പ്രവർത്തങ്ങളിൽ പങ്കാളികളാകുന്നു | സെപ്റ്റംബ ഒക്ടോ ബർ മാസ ങ്ങളിൽ | എസ് ആർ ജി അധ്യാപകർ | |
| സ്പർശം | സ്പർശം ഹിന്ദി എഴുത്ത് വായന എന്നിവ കുട്ടിയിൽ എത്തിക്കുന്നതിനുള്ള പ്രവർത്തങ്ങൾ നൽകുക | ജൂലൈ 25 മുതൽ | | |

വിഭാഗം HS അക്കാദമിക് മാസ്റ്റർ പ്ലാൻ 2023-24

സോഷ്യൽ സയൻസ്

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | നാടിനെ അറിയൽ (പ്രാദേശിക ചരിത്രരചന) | വിവിധ പ്രദേശങ്ങളിൽ നിന്ന് വരുന്ന കുട്ടികൾ അതത് പ്രദേശങ്ങളുടെ ചരിത്രം കൂട്ടായ പ്രവർത്തനത്തിലൂടെ രചിക്കൽ . ക്രോഡീകരിച്ച് പതിപ്പ് രൂപത്തിൽ പ്രകാശനം ചെയ്യൽ | ഒരുതവണ | സോഷ്യൽ ക്ലബ്ബ് | 3000/_ |
| 2 | മെഗാ ക്വിസ്- സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് | എല്ലാ കുട്ടികൾക്കും പങ്കാളിത്തം നൽകിയുള്ള ക്വിസ് മത്സരം | ഒരുതവണ | സോഷ്യൽ ക്ലബ്ബ് | |
| 3 | സാമൂഹ്യശാസ്ത്ര ഫെസ്റ്റ് | സാമൂഹ്യശാസ്ത്ര പഠനം,ക്രിയാത്മകമാക്കൽ പ്രസംഗം, നാടകം, ക്വിസ്, പഠനോൽപ്പന്ന പ്രദർശനം ഭൂപട,നിർമ്മാണം, മോഡലുകൾ പ്രാദേശിക വിഭവ ഭൂപടങ്ങൾ, ഡിജിറ്റൽ ആൽബം | അവസാന പാദം | സോഷ്യൽ ക്ലബ്ബ് | 10000/_ |
| 4 | മോക്ക് പാർലമെന്റ് | ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ, നേതൃത്വ പരിശീലനം, പാർലമെന്റ് രൂപീകരണം, | ഒരുതവണ | സോഷ്യൽ ക്ലബ്ബ് | 5000 |
| | | ബാലറ്റ് പേപ്പർ, സ്ഥാനാർത്ഥികൾ, പ്രചാരണം... | | | |
| 5 | സാമൂഹ്യഅവബോധംവളർത്തൽ_ എക്സ്പേർട്ട് ക്ലാസ് | ക്യാമ്പയിനുകൾ, മോട്ടിവേഷൻ ക്ലാസുകൾ, ലഹരി വിരുദ്ധ ക്യാമ്പയിനുകൾ | ഒരുതവണ | സോഷ്യൽ ക്ലബ്ബ് | 3000/_ |
| 6. | പഠനയാത്ര | പ്രത്യക്ഷ അനുഭവങ്ങളിലൂടെ പാഠ്യ വസ്തു ഗ്രഹിക്കൽ.ചരിത്ര പ്രസിദ്ധമായ സ്ഥലങ്ങൾ, വ്യവസായശാലകൾ , സാംസ്കാരിക കേന്ദ്രങ്ങൾ, സ്മാരകങ്ങൾ. | ഒരുതവണ | സോഷ്യൽ ക്ലബ്ബ് | 20000/- |

വിഭാഗം : എച്ച്. എസ്
വിഷയം :ഫിസിക്സ്

| ഉപമേഖല/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തനം 1<br>ശാസ്ത്രലൈബ്രറി<br>വായനയിലൂടെ ശാസ്ത്രതാല്പര്യം വളർത്തൽ | സ്കൂൾ ലൈബ്രറിയിൽ നിന്നും ഉള്ള ശാസ്ത്രപുസ്തകങ്ങൾ വായിക്കാനുള്ള അവസരങ്ങൾ എല്ലാ കുട്ടികൾക്കും ലഭ്യമാക്കൽ | മാസത്തിൽ ഒരു പ്രാവശ്യം | സയൻസ് അധ്യാപകർ | |
| പ്രവർത്തനം 2<br>മാഗസിൻ മത്സരം<br>വിദ്യാർഥികളിൽ ശാസ്ത്ര അവബോധം ഉണ്ടാക്കൽ | സ്കൂൾ ശാസ്ത്ര മാഗസിൻ മത്സരത്തിൽ എല്ലാ വിദ്യാർത്ഥികളെയും പങ്കാളിയാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | |
| പ്രവർത്തനം 3<br>ശാസ്ത്ര നൈപുണ്യം വളർത്തൽ | അധ്യാപകരുടെ സഹായത്തോടെ വിദ്യാർഥികൾ സ്വയം ചെറിയ ശാസ്ത്ര ഉപകരണങ്ങളുടെ നിർമാണത്തിൽ ഏർപ്പെടൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | 3000 |
| ശാസ്ത്ര പരിപോഷണം | ശാസ്ത്രജ്ഞരുമായി അഭിമുഖം നടത്തൽ, ഫിസിക്സ് വിദഗ്ധരുടെ സെമിനാറുകൾ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | 3000 |
| പ്രവർത്തനം 4<br>പഠനയാത്ര<br>ശാസ്ത്രപഠനം രസകരമാക്കൽ | കുസാറ്റിലെ ശാസ്ത്ര സമീഹ കേന്ദ്രം, ശാസ്ത്രപ്രദർശനങ്ങൾ , പ്ലാനിറ്റേറിയം തുടങ്ങിയവയെ അടുത്തറിയാനുള്ള പഠനയാത്ര . | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | വിദ്യാർത്ഥികളിൽ നിന്ന് |
| പ്രവർത്തനം 5<br>ശാസ്ത്രമേള<br>പ്രവർത്തനത്തിലൂടെ പഠനം | സ്കൂൾ ശാസ്ത്രമേളയിൽ എല്ലാ വിദ്യാർത്ഥികളെയും പങ്കാളിയാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | പി.ടി.എ |

വിഭാഗം : എച്ച്. എസ്
വിഷയം : കെമിസ്ട്രി

| ഉപമേഖല/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തനം 1<br>ശാസ്ത്ര ഉപകരണനിർമ്മാണ ശിൽപശാല | അധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികൾ സ്വയം ചെറിയ ശാസ്ത്രോപകരണങ്ങളുടെ നിർമാണത്തിൽ ഏർപ്പെടൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | വിദ്യാർത്ഥികളിൽ നിന്ന് |
| പ്രവർത്തനം 2<br>ശാസ്ത്രലൈബ്രറി<br><br>വായനയിലൂടെ ശാസ്ത്രതാല്പര്യം വളർത്തൽ | സ്കൂൾ ലൈബ്രറിയിൽ നിന്നും ഉള്ള ശാസ്ത്രപുസ്തകങ്ങൾ വായിക്കാനുള്ള അവസരങ്ങൾ എല്ലാ കുട്ടികൾക്കും ലഭ്യമാക്കൽ | മാസത്തിൽ ഒരു പ്രാവശ്യം | സയൻസ് അധ്യാപകർ | |
| പ്രവർത്തനം 3<br>ശാസ്ത്ര നൈപുണ്യം വളർത്തൽ<br><br>ശാസ്ത്ര പരിപോഷണം | ശാസ്ത്രകാരന്മാരുമായി അഭിമുഖം നടത്താൻ അവസരം നൽകൽ<br><br>ശാസ്ത്രജ്ഞരുമായി അഭിമുഖം നടത്തൽ, കെമിസ്ട്രി വിദഗ്ധരുടെ സെമിനാറുകൾ | വർഷത്തിൽ ഒരു പ്രാവശ്യം<br><br>വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്<br><br>സയൻസ് ക്ലബ് | 3000<br><br>3000 |
| പ്രവർത്തനം 4<br>പഠനയാത്ര<br><br>ശാസ്ത്രപഠനം രസകരമാക്കൽ | കുസാറ്റിലെ ശാസ്ത്ര സമീഹ കേന്ദ്രം, ശാസ്ത്രപ്രദർശനങ്ങൾ , പ്ലാനിറ്റേറിയം തുടങ്ങിയവയെ അടുത്തറിയാനുള്ള പഠനയാത്ര . | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | വിദ്യാർത്ഥികളിൽ നിന്ന് |
| പ്രവർത്തനം 5<br><br>ശാസ്ത്രമേള പ്രവർത്തനത്തിലൂടെയാണ് ശാസ്ത്രം എന്ന പഠനം | സ്കൂൾ ശാസ്ത്രമേളയിൽ എല്ലാ വിദ്യാർത്ഥികളെയും പങ്കാളിയാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | പി.ടി.എ |

വിഭാഗം : H. S

വിഷയം : ബയോളജി

| ഉപമേഖല | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തനം :1<br>സ്കൂൾ ക്യാമ്പസ് ഹരിതവൽക്കരണം. | സ്കൂളിന്റെ വിവിധ ഭാഗങ്ങളിൽ മരങ്ങൾ നട്ട് പിടിപ്പിക്കും. കുട്ടികളുടെ പങ്കാളിത്തത്തോടെ ചെറിയ പൂന്തോട്ടങ്ങൾ നിർമ്മിക്കും. | വർഷത്തിൽ ഒരിക്കൽ. | Science club<br>National Green Corps | 10,000<br>പഞ്ചായത്ത് |
| പ്രവർത്തനം :2<br>പ്രകൃതിയെ അടുത്തറിയാൻ | സ്കൂളിൽ നിർമിച്ചിരിക്കുന്ന ജൈവവൈവിധ്യ പാർക്കിൽ പുതിയ ചെടികൾ, ഔഷധചെടികൾ എന്നിവ നട്ടുപിടിപ്പിക്കുകയും എല്ലാ ചെടികളിലും അവയുടെ ശാസ്ത്രീയനാമം എഴുതിയ board സ്ഥാപിക്കുകയും ചെയ്യും. | വർഷത്തിൽ ഒരിക്കൽ | SRG<br>Science Club | 30,000<br>SSA<br>Sponsors |
| പ്രവർത്തനം :3<br>ദിനാചരണങ്ങൾ | ദിനാചരണ കലണ്ടർ തയ്യാറാക്കുകയും അതാത് ദിവസങ്ങളിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യും. | നിശ്ചിത ദിവസങ്ങളിൽ | HM<br>ശാസ്ത്ര അധ്യാപകർ | |
| പ്രവർത്തനം :4<br>ശാസ്ത്ര മനോഭാവം രൂപപ്പെടുത്തൽ | സയൻസ് ലാബിന്റെ മുൻവശത്തായി bulletin board സ്ഥാപിക്കുകയും ദിവസവും പുതിയ science വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യും.<br>ലഘുപരീക്ഷണങ്ങൾ സംഘടിപ്പിക്കുന്നു.<br>വിദ്യാർഥികൾ,രക്ഷിതാക്കൾ, സാമൂഹികപ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി വിവിധ ക്ലാസുകൾ | എല്ലാ മാസവും | Health club<br>Science club | 5000<br>Science club<br>PTA |

| | | | | |
|---|---|---|---|---|
| | സംഘടിപ്പിക്കും. | | | |
| പ്രവർത്തനം :5<br><br>ശാസ്ത്ര ലാബ് നവീകരിക്കൽ | ശാസ്ത്ര ലാബിലേക്ക് ആവശ്യമായ ഉപകരണങ്ങൾ, രാസവസ്തുക്കൾ എന്നിവ വാങ്ങിക്കും.<br><br>Science album, digital album എന്നിവ തയ്യാറാക്കും.<br><br>പാഠപുസ്തകങ്ങളുമായി ബന്ധപ്പെട്ട model കൾ class തലത്തിൽ കുട്ടികളുടെ സഹായത്തോടെ നിർമ്മിക്കും. | വർഷത്തിൽ ഒരിക്കൽ.<br><br>എല്ലാ മാസവും. | ശാസ്ത്ര അധ്യാപകർ.<br><br>Science club ലെ വിദ്യാർഥികൾ.<br><br>എല്ലാ വിദ്യാർഥികളും. | 10,000<br><br>BRC<br><br>സയൻസ് ക്ലബ്<br><br>PTA ഭാരവാഹികൾ. |
| പ്രവർത്തനം :6<br><br>ശാസ്ത്രമേള തയ്യാറെടുപ്പ് | സ്കൂൾതല ശാസ്ത്രമേള സംഘടിപ്പിക്കുകയും മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യും.<br><br>സബ്ജില്ല ശാസ്ത്രമേളക്കുള്ള കുട്ടികളെ തിരഞ്ഞെടുക്കും. | ജൂലൈ മാസം | ശാസ്ത്ര അധ്യാപകർ | 15,000<br><br>CSR ഫണ്ട്<br><br>PTA |
| പ്രവർത്തനം :7<br><br>പഠനയാത്ര | ജില്ലയ്ക്കകത്തും പുറത്തുമുള്ള കാർഷിക ഗവേഷണ കേന്ദ്രങ്ങൾ, മ്യൂസിയങ്ങൾ, സയൻസ് പാർക്കുകൾ എന്നിവ സന്ദർശിക്കാൻ അവസരം ഒരുക്കുന്നു. | വർഷത്തിൽ 2 തവണ | HM<br><br>ശാസ്ത്ര അധ്യാപകർ | 25,000<br><br>സയൻസ് ക്ലബ്ബ്<br><br>രക്ഷിതാക്കൾ<br><br>SRG |
| പ്രവർത്തനം :8<br><br>ഭക്ഷ്യ വിഭവങ്ങളുടെ പ്രദർശനം | സ്കൂൾ തലത്തിൽ food fest നടത്തും.<br><br>International Year of Millets - സ്കൂളിൽ ചെറുധാന്യകൃഷി നടത്തുകയും ലഭിക്കുന്ന ഉത്പന്നങ്ങൾ കുട്ടികളുടെ ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തുകയും ചെയ്യും. | വർഷത്തിൽ ഒരിക്കൽ.<br><br>പല തവണയായി | PTA<br><br>എല്ലാ അധ്യാപികരും | 5000<br><br>സ്കൂൾ മാനേജ്മെന്റ്. |

വിഭാഗം : H S

വിഷയം : ഗണിതം

| ഉപമേഖല / ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രവർത്തനം 1**<br>മാത്സ് ട്യൂട്ടറിങ് | ഉച്ചക്കുള്ള ഇടവേളയിൽ കുട്ടികളുടെ സംശയ നിവാരണത്തിനും കുട്ടികളിൽ ഗണിത അഭിരുചി വളർത്തുന്നതിനും പ്രത്യേക കോച്ചിംഗ് | എല്ലാ ദിവസവും | ഗണിത അധ്യാപകർ | |
| **പ്രവർത്തനം 2**<br>ഗണിത പഠനം എളുപ്പമാക്കൽ | അവധി ദിവസങ്ങളിൽ വിദ്യാർത്ഥികൾക്ക് സ്കൂളിൽ വെച്ച് ക്ലാസുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ 15 അവധി ദിവസങ്ങളിൽ | ഗണിത അധ്യാപകർ | |
| **പ്രവർത്തനം 3**<br>കുട്ടികളിൽ ഗണിതശാസ്ത്ര അഭിരുചി വളർത്തൽ | സ്കൂളിൽ എല്ലാ വിദ്യാർത്ഥികളുടെയും പങ്കാളിത്തത്തോടെ ഗണിതശാസ്ത്ര മേള സംഘടിപ്പിക്കൽ | വർഷത്തിൽ 1 പ്രാവശ്യം | ഗണിത ക്ലബ് | |

വിഭാഗം : എച്ച് എസ്

വിഷയം : ICT

| ഉപമേഖല/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് ICT സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക. | സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക. ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ് വെയറു ad ICT ഉപകരണങ്ങൾ പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തന ങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി ടി എ |
| വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക. | ICT പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക ഇതിനായി സ്കൂൾ തലത്തിൽ ICT ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി ടി എ |
| പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക | ഹ്രസ്വ ചലച്ചിത്ര നിർമാണങ്ങൾ സംഘടിപ്പിക്കുക. ഇതു വഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതിക വിദ്യകൾ പ്രായോഗിക തലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു | അക്കാദമിക വർഷം | ഐ ടി ക്ലബ് | പി ടി എ |
| ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാക്കുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെ കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഓരോ കാലഘട്ടത്തിലും ബോധ വൽക്കരിക്കുക. | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധ വൽക്കരണം മാറിമാറിവരുന്ന സാങ്കേതിക വിദ്യകളെ കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സൈബർ സെൽ, ചൈൽഡ് ലൈൻ | |

# എൻ.സി.സി & സ്കൗട്ട് & ഗൈഡ്സ്

ലോകപരിസ്ഥിതിദിനാഘോഷം

എൻ.സി.സി (ജൂനിയർ ഡിവിഷൻ) സെലക്ഷൻ

അന്തർദേശീയയോഗദിനം

ലഹരി ബോധവൽക്കരണം

കാർഗിൽ ദിനാചാരണം (വിജയ് ദിവസ്)

പാസ്സിങ് ഔട്ട് പരേഡ്

റോഡ് സുരക്ഷാ നിയമബോധവൽക്കരണം

സോഷ്യൽ വർക്ക്

വൃദ്ധസദന സന്ദർശനം

പുൽവാമ ദിനാചരണം

എയർഫോഴ്സ് ഡേ

നേവി ഡേ

ആർമി ഡേ

സ്കൗട്ട് & ഗൈഡ്സ്

പൂന്തോട്ടനിർമ്മാണം

മെഹന്തി ഫെസ്റ്റ്

ലഹരി വിരുദ്ധ റാലിയും തെരുവ് നാടകവും

Scarf Day ആചരണവും ബോധവത്ക്കരണ ക്ലാസ്സും

മോക്ക് ഡ്രിൽ പ്രോഗ്രാം

സ്കൗട്ട് & ഗൈഡ്സ് ക്യാമ്പ്

## പ്രതീക്ഷിത നേട്ടങ്ങൾ

- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാൽ കരിക്ക പെടുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടാൻ കഴിയുന്നു.

## മോണിറ്റിംഗ് രീതി

- ഉദ്യോഗസ്ഥ തലത്തിലുള്ള മോണിറ്റിങ് സ്കൂൾ തലം മുതൽ ശക്തമാക്കുന്നു.
- സോഷ്യൽ മോണിറ്റിങ് രീതി( പി.ടി.എ., എം. പി. ടി. എ.,എസ്.എസ്. ജി., എസ്. ആർ. ജി.,ഒ.എസ് എ.എന്നിവരെ ഉൾപ്പെടുത്തി ) നടപ്പിലാക്കും.
- ദൈനംദിന മോണിറ്ററിങ് എച്ച്.എം/ പ്രിൻസിപ്പാൾ, എസ് ആർ. ജി., കൺവീനർ, പിടി.എ.പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടപ്പിലാക്കും.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടാൻ കഴിയുന്നു

# ഉപസംഹാരം

സമൂഹം നാളിതുവരെ നേടിയ അറിവുകൾ, മനോഭാവങ്ങൾ തുടങ്ങിയവ വരും തലമുറസ്ക്ക് കൈമാറുന്നതിന് ആണല്ലോ വിദ്യാഭ്യാസം. കൂടുതൽ മെച്ചപ്പെട്ട നല്ല നാളെയെ സൃഷ്ടിക്കുന്നതിനും വിദ്യാഭ്യാസം അവരെ പ്രാപ്തരാക്കേണ്ടതുണ്ട്. നവ ലിബറൽ സാമ്പത്തിക നയങ്ങൾ പൊതു ഇടങ്ങളെ അപ്രസക്തമാക്കുന്ന വാർത്തകളാണ് അനുദിനം ലോകത്തും നമ്മുടെ രാജ്യത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഭരണഘടനയുടെ മതനിരപേക്ഷ ഫെഡറൽ ജനാധിപത്യ മൂല്യങ്ങളെ ആകെ തകർത്ത് രാജ്യത്തിന്റെ വൈവിധ്യങ്ങളെ ആകെ തകിടം മറിക്കുന്ന ഒരു പ്രവണത സംജാതമായിരിക്കുന്നു.

ഇതിനെതിരെ സമഗ്രവും ശാസ്ത്രീയവുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ

കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്ന് ആഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാവുക എന്നുള്ളത്. നാട്യങ്ങൾ ഏതും ഇല്ലാത്ത നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിൻ്റെ പൈതൃകവും അഭിമാനവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും വികസനരേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ഹെഡ്മാസ്റ്റർ**

**യൂസഫ് എം പി**

**എസ് ആർ ജി കൺവീനർമാർ**

**അബ്ദുൽ റഊഫ്. ടി. കെ**

**ശാരി. എ**